**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2214** **12-02-2024 - ൽ മറുപടിയ്ക്ക്**

**പുതിയ ജയിലുകളുടെ നിർമ്മാണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര പുതിയ ജയിലുകളുടെ നിർമ്മാണ പ്രവൃത്തി നടന്നുവരുന്നു ; അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; നിലവിലുള്ള അവയുടെ പ്രവൃത്തി പുരോഗതി വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് നിലവിൽ 2 പുതിയ ജയിലുകളുടെ നിർമ്മാണ പ്രവൃത്തിയും ഒരു ജയിലിന്റെ നവീകരണ പ്രവൃത്തിയും നടന്നുവരുന്നു. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു |
| (ബി) | ജയിൽ നിർമ്മാണത്തിനായി വകുപ്പിന് സ്ഥലം ലഭിച്ചിട്ടും നിർമ്മാണ പ്രവൃത്തികൾ തുടങ്ങാത്ത ഏതെങ്കിലും പ്രൊപ്പോസലുകൾ ഉണ്ടോ; എങ്കിൽ അത് ഏതെല്ലാമെന്ന് വ്യക്തമാക്കുമോ? | (ബി) | വടകരയിലെയും സുൽത്താൻ ബത്തേരിയിലെയും ജയിലുകൾക്ക് സ്ഥലം ലഭ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

1. തളിപ്പറമ്പ് സബ് ജയിൽ നിർമ്മാണം:-

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിൽ സബ് ജയിൽ നിർമ്മിക്കുന്നതിനായി 3.4306 ഹെക്ടർ ( 8 ഏക്കർ 4 8 സെന്റ്) സ്ഥലം അനുവദിച്ചിട്ടുണ്ട്. ജയിലിന്റെ ആദ്യ ഘട്ട നിർമ്മാണ പ്രവൃത്തികൾ ക്കായി 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 775.04 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 8 ബ്ലോക്കുകളിലായാണ് ടി ജയിലിന്റെ നിർമ്മാണം വിഭാവനം ചെയ്തിട്ടുള്ളത്. ആദ്യ ഘട്ട പ്രവൃത്തിയിൽ 4 ബ്ലോക്കുകളുടെ ഗ്രൗണ്ട് ഫ്ലോർ നിർമ്മാണം, 7 മീറ്റർ ഉയരത്തിൽ 424 മീറ്റർ ചുറ്റുമതിൽ എന്നിവയാണ് ഉൾപ്പെടുന്നത്. 4 ബ്ലോക്കുകളുടെ ഗ്രൗണ്ട് ഫ്ലോർ നിർമ്മാണത്തിന്റെ സ്ട്രക്ച്റൽ വർക്ക്, പ്ലാസ്റ്ററിംഗ്, പ്രൈമർ പെയിന്റിംഗ്, ജനറൽ ഗ്രിൽ പ്രവൃത്തി എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. ആദ്യ ഘട്ട പ്രവൃത്തിക്കായി അനുവദിച്ച തുക വിനിയോഗിച്ച് 85% പ്രവ ൃത്തികൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ട നിർമ്മാണ പ്രവൃത്തിക്കായി 327.99 ലക്ഷം രൂപ 2023-24 ജയിലുകളുടെ നവീകരണം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. രണ്ടാം ഘട്ട നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

2. മണ്ണാർക്കാട് സബ് ജയിൽ നിർമ്മാണം:-

പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് താലൂക്കിൽ മണ്ണാർക്കാട്-1 വില്ലേജിൽ റീ സർവ്വേ നം. 131/14ൽ ഉൾപ്പെട്ട (കാഞ്ഞിരപ്പുഴ ഇറിഗേഷൻ വകുപ്പ് വക) 2.864 ഹെക്ടർ സർക്കാർ ഭൂമിയിൽ നിന്നും സബ് ഡിവിഷൻ ചെയ്ത 131/36 ൽ പ്പെട്ട 1.6221 ഹെക്ടർ ഭൂമി ( 4 ഏക്കർ) മണ്ണാർക്കാട് സബ് ജയിൽ നിർ മ്മിക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. ടി ജയിലിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ചുറ്റുമതിൽ നിർമ്മിക്കുന്നതിന് 2022-23 ലെ ജയിലുകളുടെ നവീകരണം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 148 ലക്ഷം (ഒരു കോടി നാല്പത്തിയെട്ട് ലക്ഷം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ചുറ്റുമതിൽ നിർമ്മാണ പ്രവൃത്തി അന്തിമഘട്ടത്തിലാണ്.

3. പത്തനംതിട്ട ജില്ലാ ജയിൽ നവീകരണം:-

പത്തനംതിട്ട ജില്ലാ ജയിലിന്റെ ആദ്യ ഘട്ട നിർമ്മാണ പ്രവൃത്തികൾക്കായി 2016 -17ലെ ജയിലുകളുടെ നവീകരണം വാർഷിക പദ്ധതിയിൽ 4059-60-051-71 പ്ലാൻ എന്ന ശീർഷകത്തിൽ 5.50 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആദ്യ ഘട്ട നിർമ്മാണ പ്രവൃത്തികൾ 2021 ഒക്ടോബറിൽ പൂർത്തിയ ാക്കിയിട്ടുണ്ട്. ടി ജയിലിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവൃത്തികൾക്കായി 2022-23 സാമ്പത്തിക വർഷ ം 691.13 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. രണ്ടാം ഘട്ട നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുമുന്നോടിയായി Technical Sanction നൽകുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചു വരുന്നു.